# Deepika

# 30 August 2018

# Kochi; After Flood, Flood relief Fund Operation,KCBC



## പ്രളയം: ദുർബലവിഭാഗങ്ങളെ പ്രത്യേകം പരിഗണിക്കണമെന്നു കെസിബിസി

**കൊച്ചി:** പ്രളയത്തിന്റെ ആഘാതവും പ്രളയാനന്തര സാഹചര്യങ്ങളും വിശകലനംചെയ്തു പഠന റിപ്പോർട്ട് പ്രസിദ്ധീകരിക്കണമെന്നു കെസിബിസിയുടെ ആഭിമുഖ്യത്തിൽ പ്രവർത്തിക്കുന്ന സന്നദ്ധസംഘടനകളുടെ യോഗം ആവശ്യപ്പെട്ടു. സമൂഹത്തിലെ ദുർബലരായ ദളിത്, ആദിവാസി വിഭാഗങ്ങൾ, ചെറുകിട കർഷകർ, ഉൾനാടൻ മത്സ്യത്തൊഴിലാളികൾ, സ്ത്രീകൾ, കുട്ടികൾ, വിദ്യാർഥികൾ, ചെറുകിട തൊഴിൽ സംരംഭകർ, ദൈനംദിന തൊഴിലാളികൾ, കിടപ്പുരോഗികൾ എന്നിവർ പുനരധിവാസപ്രവർത്തനങ്ങളിൽ പ്രത്യേകം പരിഗണിക്കപ്പെടണമെന്നും യോഗം ആവശ്യപ്പെട്ടു.

സർക്കാരിനോടും പൊതുസമൂഹത്തോടും ചേർന്ന് പ്രളയദുരന്തത്തെ നേരിടുന്നതിനു സഭാവിശ്വാസികൾ പുലർത്തിയ സേവനസന്നദ്ധതയും ജാഗ്രതയും പ്രശംസനീയമാണ്. സഭയുടെ മുഴുവൻ സംവിധാനങ്ങളും സ്ഥാപനങ്ങളും ഇക്കാര്യത്തിൽ മാതൃകാപരമായ ജാഗ്രത പുലർത്തി. വീടുകളുടെ സമ്പൂർണമായ നാശം, കേടുപാടുകൾ എന്നിവ വിലയിരുത്താൻ സാങ്കേതിക വിദഗ്ധരുടെ സഹായം ലഭ്യമാക്കണം. ശുചീകരണപ്രവർത്തനങ്ങളിൽ വീടുകളോടൊപ്പം കിണറുകളും മറ്റു ശുദ്ധജല സ്രോതസുകളും ഉൾപ്പെടുത്തണം. പക്ഷിമൃഗാദികളുടെ ജഡങ്ങൾ മറവുചെയ്യുന്നതിനു പ്രോട്ടോക്കോളുണ്ടാകണം. പകർച്ചവ്യാധികൾ തടയുന്നതിനും പ്രതിരോധപ്രവർത്തനങ്ങൾക്കും സർക്കാരിതര ഏജൻസികളുമായുള്ള ഏകോപനം ഫലപ്രദമാക്കണം.

മനഃശാസ്ത്രജ്ഞരുടെയും കൗൺസിലിംഗ് വിദഗ്ധരുടെയും സേവനം ലഭ്യമാക്കുന്നതിനു സന്നദ്ധ സംഘടനകളുടെയും സ്വകാര്യ സ്ഥാപനങ്ങളുടെയും വ്യക്തികളുടെയും സഹകരണം ഉറപ്പാക്കണം. ദുരിതാശ്വാസ ക്യാമ്പുകളിൽനിന്നു വീടുകളിലേക്കു തിരിച്ചുപോകാൻ കഴിയാത്തവർക്ക് താത്കാലിക പുനരധിവാസ സംവിധാനം ഒരുക്കണം. നിലവിൽ സർക്കാരിതര ഏജൻസികളുടെ ചുമതലയിൽ നടക്കുന്ന ക്യാമ്പുകളുടെ ചുമതലയും നിയന്ത്രണവും പ്രാദേശിക ഭരണകൂടത്തിനു കൈമാറുന്നതിന് തീയതിയും പ്രോട്ടോക്കോളും സർക്കാർ പ്രഖ്യാപിക്കണം. കാർഷിക മേഖലയുടെ പുനരുദ്ധാരണത്തിന് പ്രത്യേക പാക്കേജ് ആവശ്യമാണ്.

കുട്ടനാട്, ഇടുക്കി, വയനാട് മേഖലകൾക്കു ദീർഘകാല പുനരധിവാസ പദ്ധതികൾ ആവിഷ്കരിക്കണം.

സമ്പൂർണ പുനരധിവാസ പദ്ധതിക്കു സംസ്ഥാനത്തെ സന്നദ്ധ സംഘടനകളുടെ സേവനം ഫലപ്രദമായി ഉപയോഗിക്കുന്നതിന് പ്രാദേശിക തലത്തിൽ സംവിധാനങ്ങൾ വേണം. ദുരിതാശ്വാസപ്രവർത്തനങ്ങളിൽ 2891 വൈദികരും 6737 സന്ന്യാസിനികളും 69,821 യുവജനങ്ങളും 99,705 സന്നദ്ധപ്രവർത്തകരും നേരിട്ടു പങ്കെടുത്തു. 4094 ക്യാമ്പുകളുടെ നടത്തിപ്പിനായി 26,27,48,350 രൂപ ചെലവഴിച്ചു.

ടോറസ്, ടിപ്പർ, 437 ബോട്ടുകൾ, 329 വള്ളങ്ങൾ, 1516 മറ്റു വാഹനങ്ങൾ എന്നിവയും രക്ഷാദൗത്യത്തിനും ദുരിതാശ്വാസപ്രവർത്തനങ്ങൾക്കുമായി ഉപയോഗിക്കപ്പെട്ടു. രക്ഷാദൗത്യം സ്വന്തം ചുമതലയായി ഏറ്റെടുത്ത മത്സ്യത്തൊഴിലാളികളുടെ സേവനം രക്ഷാദൗത്യത്തിലെ തിളങ്ങുന്ന അധ്യായമാണെന്നും യോഗം വിലയിരുത്തി.

സിബിസിഐയുടെ സാമൂഹ്യക്ഷേമ സംവിധാനമായ കാരിത്താസ് ഇന്ത്യ ഉൾപ്പടെ 35 സാമൂഹ്യസേവന സംഘടനകളുടെയും സന്ന്യാസസമൂഹങ്ങളുടെയും പ്രതിനിധികൾ യോഗത്തിൽ പങ്കെടുത്തു.